# മംഗളവനവും ഹൈക്കോടതിയ്ക്ക് പാർക്കിംഗ് സ്ഥലവും

ഡോ. സി.എം. ജോയി

**എറണാകുളം** ടൗണിൽ കേരള ഹൈക്കോടതിയുടെ പുറകിലുള്ള മംഗളവനം പതീറ്റാണ്ടുകൾക്ക് മുമ്പ് വനംവകുപ്പ് ഏറ്റെടുത്തിട്ടുള്ള ഒരു കണ്ടൽവന പ്രദേശവും കേരളത്തിലെ ചുരുക്കം ചില പക്ഷി സങ്കേതങ്ങളിൽ ഒന്നുമാണ്. 2.74 ഹെക്ടർ വരുന്ന ഈ സ്ഥലം എറണാകുളം നഗരമദ്ധ്യത്തിലെ ഒരു ചെറിയ പച്ചതുരുത്താണ്. ദിനം പ്രതി ഉയർന്നുവരുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും റോഡുകളും നിമിത്തം ഉൽഭവിക്കുന്ന ഉയർന്നതാപനിലയിൽ നിന്നും കൊച്ചി നഗരത്തെ തണുപ്പിക്കുവാൻ ഈ കണ്ടൽ വനപ്രദേശം ഉപയുക്തമാണ്. കൊച്ചിയിലെ ഉപ്പുകലർന്ന മണ്ണിൽ വളരുവാൻ യോജിച്ചതരം സസ്യങ്ങളാണ് കണ്ടലുകൾ. ഉപ്പുവെള്ളത്തിൽനിന്നും ഉപ്പുമാറ്റി ശുദ്ധജലം ഊറ്റിയെടുക്കാനും ഉപ്പുജലം കെട്ടി കിടക്കുന്ന സ്ഥലങ്ങളിൽനിന്നും പ്രാണവായു വലിച്ചെടുക്കുവാൻ പ്രത്യേകതരം ശ്വസനവേരുകളും കണ്ടലുകളുടെ പ്രത്യേകതയാണ്. ഓരോ വർഷവും ആയിരക്കണക്കിന് ദേശാടന പക്ഷികൾ മംഗളവനത്തിൽ എത്തുകയും മാസങ്ങളോളം താമസിച്ച് പ്രജനനത്തിനുശേഷം മാത്രമാണ് ഇവിടം വിട്ട് പറക്കുന്നത്. സുരക്ഷിതത്വവും, ഭക്ഷണവും, കാലാവസ്ഥയും ഒന്നിച്ച് മംഗളവനത്തിൽ ലഭ്യമായതിനാലാണ്. എല്ലാ വർഷവും ഇങ്ങനെ ആവർത്തിക്കുന്നത്. കൊച്ചി കായലിനോട് വളരെ ചേർന്ന് കിടക്കുന്നതിനാൽ വേലിയേറ്റവും വേലിയിറക്കവും മംഗളവന കണ്ടൽകാട്ടിൽ അനുഭവപ്പെടുന്നു. ആയതിനാൽ ഞണ്ട്, കക്ക, കല്ലുമ്മക്കായ്, ഞവണിക്ക, കടൽപുറ്റുകൾ, ചെമ്മീൻ, ആമ, കടൽപാമ്പ്, വിവിധ ഇനം മത്സ്യങ്ങൾ തുടങ്ങിയ ഒട്ടനേകം ജലജീവികൾക്ക് മംഗളവനം ആവാസ സ്ഥലമാണ്. ആയിരക്കണക്കിന് ജലജീവികളും, പക്ഷികളും, കണ്ടൽചെടികളും അനുബന്ധ സസ്യങ്ങളും മരങ്ങളും മംഗളവനത്തിൽ കഴിയുന്നത് നാം പ്രത്യേക ചിലവൊന്നും നല്കാതെ പ്രകൃതിദത്തമായിട്ടാണ്. കൊച്ചി തീരത്ത് കാണപ്പെടുന്ന മിക്കവാറും കണ്ടൽ ജനുസുകൾ മംഗളവനത്തിൽ കണ്ടുവരുന്നുണ്ട്. വംശനാശം വന്നുകൊണ്ടിരിക്കുന്ന അപൂർവ്വം ജീവജാലങ്ങളുടെയും, കണ്ടലുകളുടേയും അമൂല്യശേഖരമാണ് മംഗളവനപ്രദേശം. വീടുകളിലെ കാവുകൾ അപ്രത്യക്ഷമായപ്പോൾ കൊച്ചി നഗരത്തിന് പ്രകൃതി കനിഞ്ഞു നല്കിയ വരദാനമാണ് മംഗളവനം.

മംഗള വനത്തിന് ഭീഷണിയായി ഭാരത് പെട്രോളിയത്തിന്റെ സംഭരണ കേന്ദ്രം ഇതിനോടടുത്ത് ഉണ്ടായിരുന്നത് അടുത്ത കാലത്ത് ഒഴിഞ്ഞ് ഇരുമ്പനത്തേയ്ക്ക് പോയതിനാൽ ഒഴിവുവന്ന സ്ഥലത്തേയ്ക്ക് കൂടി മംഗളവന പ്രദേശം വ്യാപിപ്പിക്കണമെന്ന് പരിസ്ഥിതി സംഘടനകൾ നിരന്തരമായി ആവശ്യപ്പെട്ടു വരികയാണ്. ഏകദേശം 20 ഏക്കറിലധികം വരുന്ന ഈ പ്രദേശത്തേയ്ക്ക് കൂടി മംഗളവനപ്രദേശം വ്യാപിപ്പിക്കുകയാണെങ്കിൽ നഗരത്തിലെ വർദ്ധിച്ചുവരുന്ന വായുമലിനീകരണത്തിൽ നിന്നും ഒരു മോചനമായിരിക്കും. ഇന്ത്യയിലെ പൂന്തോട്ടനഗരമായി അറിയപ്പെടുന്ന ബാംഗ്ലൂർ നഗരത്തിലെ പോലെ പ്രകൃതിദത്തമായ ഒരു വനപ്രദേശം കൊച്ചി നഗരത്തിനകത്തു തന്നെ നമുക്ക് ലഭിക്കും. ഇത് കൊച്ചി നഗരത്തിന്റെ മനോഹാരിതയ്ക്കും ടൂറിസം വ്യവസായത്തിനും മാറ്റുകൂട്ടും.

പ്രകൃതി സംരക്ഷണത്തിൽ കരുത്തുറ്റ വിധികൾ പുറപ്പെടുവിച്ച് മറ്റു കോടതികൾക്ക് മാതൃകയായ കേരള ഹൈക്കോടതിയുടെ പുതിയ ബഹുനില കെട്ടിടത്തിന് പാർക്കിംഗ് സ്ഥലം മംഗളവനത്തോട് ചേർന്ന ബഫർ സോൺ ഉപയോഗിക്കുവാനുള്ള നിർദ്ദേശം ഇന്ന് വിവാദമായിരിക്കയാണ്. ഈ വാർത്ത പ്രകൃതി സ്നേഹികളെ ഞെട്ടിച്ചിരിക്കയാണ്. മംഗളവനം കയ്യേറി പാർക്കിംഗ് സ്ഥലം കണ്ടെത്തുവാൻ ഹൈക്കോടതി തുനിയുന്നില്ലെങ്കിലും ഹൈക്കോടതി മതിലിനോടു ചേർന്നു പോകുന്ന സലിം അലി റോഡ് മംഗളവനത്തോട് ചേർന്നു കിടക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റി പുതിയ മന്ദിരത്തിന് പാർക്കിംഗ് സ്ഥലം കണ്ടെത്തുകയാണ് നീക്കമെന്നറിയുന്നു. ലോകപ്രശസ്ത പക്ഷി നിരീക്ഷകനും ശാസ്ത്രജ്ഞനുമായ സലിം അലിയെ ആദരിക്കുവാൻ പേരിട്ട ഈറോഡ് മംഗളവനത്തിന്റെ ബഫർ മേഖലയിലേയ്ക്ക് മാറ്റുന്നത് മംഗളവനത്തിന്റെ സംരക്ഷണത്തിന് ഭീഷണിയും ഡോ. സലിം അലിയോടു ചെയ്യുന്ന അനാദരവും ആയിരിക്കും. മംഗളവനത്തോട് ചേർന്നുള്ള പഴയ ഗുഡ്സ് റെയിൽവേ സ്റ്റേഷൻ പ്രദേശത്തേയ്ക്ക് മംഗളവനം വ്യാപിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഈ പുതിയ നീക്കം. പുതിയ മന്ദിരത്തിന് പാർക്കിംഗ് സ്ഥലം കണ്ടെത്തുമ്പോൾ നാശമാക്കുവാൻ പോകുന്നത് ജൈവവൈവിധ്യത്തിന്റെ അമൂല്യ കലവറയായിരിക്കും. ഒരു കാടിന്റെ ബഫർ സോൺ ആ കാടിന്റെ വളർച്ചക്കായി ഒഴിച്ചിടുന്നതിനുപകരം മറ്റാവശ്യങ്ങൾക്കായി ഇപയോഗിക്കുന്നത് വനനിയമപ്രകാരം ചട്ടവിരുദ്ധമാണ്. നിയമം കാക്കേണ്ട ഹൈക്കോടതി മംഗളവനത്തിന്റെ നാശത്തിന് നിമിത്തമാകുമെന്ന് തോന്നുന്നില്ല. പുതിയ ഹൈക്കോടതി കെട്ടിടം ദേശാടനപക്ഷികളുടെ പറക്കലിന് മാർഗ്ഗതടസമാണ്. തീരദേശ സംരക്ഷണ നിയമത്തിൽ കണ്ടൽകാടുകൾക്കും കായലുകൾക്കും അതീവ സുരക്ഷിതത്വം ഉറപ്പു നല്കിയിട്ടുള്ളതാണ്. സ്വന്തമായി കെട്ടിടത്തിനു താഴെ പാർക്കിംഗ് സ്ഥലം ഇല്ലാതെ പണിതിരിക്കുന്ന പുതിയ മന്ദിരം കൊച്ചി നഗരത്തിൽ ഈ നിയമം അനുസരിച്ച് പണിതീർത്തിട്ടുള്ള നൂറുകണക്കിന് ഫ്ളാറ്റുകൾക്കും വ്യവസായ സമുച്ചയങ്ങൾക്കും മുന്നിൽ ചോദ്യചിഹ്നമാണ്. ഹൈക്കോടതി കെട്ടിടത്തിന്റെ മുന്നിൽ

പാർക്കിംഗിനായി ഉപയോഗിക്കാവുന്ന സ്ഥലം പോലും പുൽതകിടി തീർക്കാനാണത്രെ നിർദ്ദേശം! വളരെയേറെ സൗകര്യങ്ങളോടെ എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് പണി തീർക്കപ്പെട്ട ഈ ബഹുനില കെട്ടിടം ഉപയോഗത്തിൽ വരുമ്പോൾ തീർച്ചയായും നഗരത്തിലെ ഗതാഗതക്കുരുക്ക് അനിയന്ത്രിതമായി വർദ്ധിക്കുമെന്നത് തീർച്ചയാണ്. ഇത്തരം ബഹുനില കെട്ടിടങ്ങൾ ജലലഭ്യതയുള്ള സ്ഥലപരിമിതികൾ ഇല്ലാത്ത വാഹനക്കുരുക്കില്ലാത്ത നഗരത്തിനു വെളിയിലുള്ള ഏതെങ്കിലും പ്രദേശത്ത് പണിയുക എന്നതായിരുന്നു അഭികാമ്യമായിട്ടുള്ളത്.

ഹൈക്കോടതിയുടെ പാർക്കിംഗ് മേഖല മംഗളവനത്തോട് അടുക്കുമ്പോൾ തീർച്ചയായും ശബ്ദമലിനീകരണവും, വായുമലിനീകരണവും മംഗളവന ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായിരിക്കും. ദേശാടനപക്ഷികളുടെ വരവിനെ ഇത് സാരമായി ബാധിക്കും. ഹൈക്കോടതി വളപ്പിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചും, പഴയ ഹൈക്കോടതി മന്ദിരത്തിലെ പാർക്കിംഗ് സ്ഥലം ഉപയോഗിച്ചും. പുതിയ മന്ദിരത്തിന്റെ പാർക്കിംഗ് പ്രശ്നം തീർക്കാവുന്നതേയുള്ളൂ. ഹൈക്കോടതിയ്ക്ക് മുന്നിലുള്ള കേരള പോലീസ് വക സ്ഥലവും ഈ ആവശ്യത്തിനായി ഉപയോഗിക്കാം.

ഭാരത് പെട്രോളിയത്തിന്റെ ഒഴിവുവന്ന സ്ഥലത്ത് കേരള ഭവന നിർമ്മാണ ബോർഡ് സാറ്റലൈറ്റ് ടൗൺഷിപ്പ് സ്ഥാപിക്കുവാനും നിർദ്ദേശമുണ്ടെന്നറിയുന്നു. സാറ്റലൈറ്റ് ടൗൺഷിപ്പിനു വേണ്ടി പണിയുന്ന കെട്ടിടങ്ങളെല്ലാം മംഗളവനത്തോട് വളരെ ചേർന്നായിരിക്കും നിർമ്മിക്കുക. ഇത് പക്ഷികളുടെ പ്രകൃത്യായുള്ള പറക്കലിനും ഇറങ്ങലിനും ഭീഷണിയാകും. തീരദേശ നിയമപ്രകാരം കണ്ടൽ കാടുകളുടെ അടുത്ത് നിർമ്മിതികൾ പാടില്ല എന്ന നിയമം പാലിക്കപ്പെടണം. ഒരു കാരണവശാലും കേരള ഭവനനിർമ്മാണ ബോർഡിന്റെ സാറ്റലൈറ്റ് ടൗൺഷിപ്പ് പദ്ധതിയും, പുതിയ ഹൈക്കോടതി കെട്ടിടത്തിന് പാർക്കിംഗ് സ്ഥലവും മംഗളവനത്തിന്റെ ബഫർ മേഖലയിൽ അനുവദിക്കരുത്. കേരള ഹൈക്കോടതിയും ഭവന നിർമ്മാണബോർഡും മംഗളവന പ്രദേശം ഉപയോഗിക്കുന്നില്ലെങ്കിലും ഇത്രയും അമൂല്യമായ ജൈവവൈവിധ്യസമ്പത്ത് ഈ സ്ഥാപനങ്ങളുടെ പദ്ധതികൾമൂലം അന്യാധീനപ്പെട്ട് പോകരുത്. പഴയ റെയിൽവേസ്റ്റേഷൻ പ്രദേശവും ഭാരത് പെട്രോളിയത്തിന്റെ ഒഴിവുവന്ന പ്രദേശവും വനവൽക്കരിച്ച് മംഗളവനത്തോട് ചേർക്കണം. കൊച്ചിക്കായലിൽനിന്നും മംഗളവനത്തിലേയ്ക്ക് കയറുന്ന വേലിയേറ്റ ചാനലുകൾ ആഴംകൂട്ടി വേലിയേറ്റവും ഇറക്കവും മംഗളവനത്തിൽ എത്തത്തക്ക രീതിയിലാക്കണം. മംഗളവനത്തിലെ കണ്ടലുകളുടെ പരിരക്ഷ ഉറപ്പാക്കണം. ഒരു കാരണവശാലും സലിം അലി റോഡിന് സ്ഥാനചലനം ഉണ്ടാക്കരുത്. മംഗളവനം സംരക്ഷിക്കേണ്ടത് കൊച്ചി നഗരത്തിലെ കാലാവസ്ഥ മാറാതിരിക്കുവാൻ അത്യന്താപേക്ഷിതമാണ്. ഇപ്പോഴത്തെ ഹൈക്കോടതി പാർക്കിംഗ് സ്ഥലത്തെക്കുറിച്ചുള്ള വിവാദത്തിൽ സർക്കാർ ഇടപെടുകയും തീരദേശ സംരക്ഷണനിയമവും, വനസംരക്ഷണനിയമവും, കെട്ടിട നിർമ്മാണനിയമവും സംരക്ഷിക്കുവാൻ ഉണർന്നു പ്രവൃത്തിക്കുകയും വേണം. മംഗളവന സംരക്ഷണം ഉറപ്പാക്കണം. കൊച്ചി നഗരത്തിലെ പച്ചത്തുരുത്ത് എന്നേയ്ക്കുമായി നഷ്ടപ്പെടുവാൻ ഇടയാക്കരുത്.

---

*(68-ാം പേജിൽ നിന്ന്)*

## തൊഴിലാളിവർഗ്ഗം പരിസ്ഥിതി കാര്യത്തിൽ ഉത്തരവാദിത്വമുള്ളവരാകണം

*പ്ലാച്ചിമടയുടെ കാര്യത്തിൽ കമ്മറ്റിയുടെ ഔദ്യോഗിക നിലപാട് ?*

കൊക്കകോളയിൽ എങ്ങനെ കാഡ്മിയം കടന്നു കൂടി എന്ന് ആർക്കുമറിയില്ല. കാഡ്മിയം അനുവദനീയമായ അളവിലും കൂടിയ പാനീയം വിൽക്കാൻ ഇവിടെ അനുവദിക്കില്ല. ഇതിനേക്കാൾ സുപ്രധാന പ്രശ്നം കുടിവെള്ളത്തിന്റേതാണ്. ഭൂഗർഭജലം ഏകപക്ഷീയമായി ഉപേയോഗിക്കാൻ പാടില്ല. തദ്ദേശീയർക്കു കൂടി അവകാശപ്പെട്ടതാണ് അത്. തദ്ദേശീയരുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൊക്കകോള കമ്പനി ബാദ്ധ്യസ്ഥരാണ്. എല്ലാവർക്കും കുടിവെള്ളമെത്തിച്ചാൽ കമ്പനി പ്രവർത്തിക്കുന്നതിൽ ഒരു നിയമതടസ്സവുമില്ല. നിയമ വിധേയമായി ഒരു നല്ല പാനീയം ഉണ്ടാക്കി വിൽക്കുന്നത് തടയാൻ ആർക്കു കഴിയും ?

*അങ്ങയുടെ കാഴ്ചപ്പാടിൽ എന്താണ് കേരള വ്യവസായ മേഖലയുടെ അടിസ്ഥാന പരിമിതി പ്രശ്നം? എന്താണ് പരിഹാരം ?*

തൊഴിൽ സാദ്ധ്യതക്ക് വേണ്ടി എന്തിനും തയ്യാറുള്ള സമൂഹവും രാഷ്ട്രീയ നേതൃത്വവുമാണ് യഥാർത്ഥ പ്രശ്നം. വ്യവസായികൾ ഈ മാനസിക ദൗർബല്യത്തെ പരമാവധി ചൂഷണം ചെയ്യുന്നു.

തലമുറകളുടെ ഭാവി അപകടത്തിലാക്കുന്ന വിധത്തിൽ നിയമവിരുദ്ധമായി വ്യവസായശാലകൾ നിലനിർത്താനും അങ്ങനെ തൊഴിലവസരങ്ങളുണ്ടാക്കാനും പറ്റില്ല. ഭൂമിക്കും പരിസ്ഥിതിക്കും അപകടം വരുത്തി വെക്കുന്ന വ്യവസായങ്ങൾ വേണ്ട. വ്യവസായ ശാലകൾ അവയുടെ ഉച്ഛിഷ്ടങ്ങളും മാലിന്യങ്ങളും വേണ്ടവിധം സംസ്കരിക്കേണ്ടതുണ്ട്. അല്ലാത്തവയെ പൂട്ടിക്കാൻ നിയമവ്യവസ്ഥ ബാദ്ധ്യസ്ഥമാണ്. ഈ വഴിക്ക് ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു; വ്യവസായം നിലനിൽക്കേണ്ടത് ആത്യന്തികമായി തൊഴിലാളിയുടെ ആവശ്യമാണ്. മാലിന്യങ്ങൾ വേണ്ടവിധം സംസ്കരിച്ചാലേ വ്യവസായം നിലനിൽക്കൂ. വ്യവസായിക മാലിന്യങ്ങൾ സമൂഹത്തിന് അപകടമില്ലാത്ത വിധം സംസ്കരിക്കാൻ വേണ്ട പ്രചോദനവും സമ്മർദ്ദവും സംഘടിതരും ഉദ്ബുദ്ധരുമായ കേരളത്തിലെ തൊഴിലാളി പ്രസ്ഥാനങ്ങളിൽ നിന്നാണ് ഉണ്ടാവേണ്ടത്.

അനുഭവം മറിച്ചാണ്. തൊഴിലാളികൾ മാനേജ്മെന്റിന്റെ നിയമവിരുദ്ധ സമൂഹദ്രോഹ നടപടികൾക്ക് കൂട്ടു നിൽക്കുന്നു. ചുരുങ്ങിയ പക്ഷം അവർ കണ്ണടയ്ക്കുന്നു. അങ്ങനെ നിങ്ങളുടെ ഭൂമി ചവറ്റുകൊട്ടയും നദികൾ അഴുക്കുചാലുകളുമായി. ഇനിയും ഈ രീതി അനുവദിക്കുന്നത് ആത്മഹത്യാപരമാണ്. ഞങ്ങൾ ശക്തമായ നടപടിയെടുക്കും. വ്യവസായശാലകൾ നിലനിൽക്കണമെങ്കിൽ തൊഴിലാളി സമൂഹം യാഥാർത്ഥ്യ ബോധത്തോടെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ അവരുടെ കർമ്മം നിറവേറ്റട്ടെ. പെരിയാറിലേക്ക് മാലിന്യങ്ങൾ തട്ടുന്നത് തൊഴിലാളികളാണ്. വ്യവസായ മാലിന്യങ്ങൾ അരുതാത്തിടത്ത് നിക്ഷേപിക്കുവാൻ മാനേജ്മെന്റിന് യാതൊരു എതിർപ്പും കൂടാതെ കൂട്ട് നിൽക്കുന്ന തൊഴിലാളികൾ ഈ പ്രവണതക്കെതിരെ ഒരു ചെറുവിരലനക്കിയിട്ടുണ്ടോ ? ഒരു ധർണയോ സത്യാഗ്രഹമോ സംഘടിപ്പിച്ചിട്ടുണ്ടോ?